ആഗസ്റ്റ് 2021

# അമൃത് വാർത്താ പത്രിക

ലക്കം 4

## സ്വാതന്ത്ര്യത്തിന്റെ അമൃത് മഹോത്സവം



## പി.എഫ്.എം.എസ്, എസ്.എൻ.എ.; കേരളം ഇന്ത്യയിൽ ഒന്നാമത്






## ഓണാശംസകൾ



തിരുവനന്തപുരം  പുന്നയ്ക്കാമുകൾ പാർക്ക്




കൊച്ചി  - എം.ജി. റോഡ്  - നടപ്പാത

# അമൃത് വാർത്താ പത്രിക

ആഗസ്റ്റ് 2021 | പുസ്തകം 1 | ലക്കം 4



**തദ്ദേശസ്വയംഭരണ വകുപ്പ്**
**കേരള സർക്കാർ**

**ചീഫ് എഡിറ്റർ**
**ഡോ.രേണു രാജ് ഐ.എ.എസ്**
മിഷൻ ഡയറക്ടർ

**എഡിറ്റർ**
**എ.എൽ. ചാൾസ്**
ഡെപ്യൂട്ടി മിഷൻ ഡയറക്ടർ

**അസിസ്റ്റന്റ് എഡിറ്റർ**
സാവിയോ സജി ഇ.ആർ.

**സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റ് (അമൃത്)**
നാലാം നില, മീനാക്ഷിപ്ലാസാ,
ആർടെക് ബിൽഡിംഗ്,
ഗവ. ആശുപത്രിക്ക് എതിർവശം,
തൈയ്ക്കാട്, തിരുവനന്തപുരം - 695014
ഫോൺ നം. : +91-471-2323856,
ഫാക്സ് : +91-471-2322857
വെബ്സൈറ്റ് : www.amrutkerala.org
ഇമെയിൽ : smmukerala@gmail.com


*(സ്വകാര്യ വിതരണത്തിന് മാത്രം)*



# എഡിറ്റോറിയൽ

ഏവർക്കും 75-ാം സ്വാതന്ത്ര്യദിനാശംസകൾ. ഈ സ്വാതന്ത്ര്യ ദിനം രാജ്യം അമൃത് മഹോത്സവമായാണ് ആഘോഷിക്കുന്നത്. വിവിധ പദ്ധതികൾക്ക് തുടക്കം കുറിക്കലും പൂർത്തീകരണവും ഈ ദിവസം ലക്ഷ്യമിടുന്നുണ്ട്. തദ്ദേശീയമായ ചെറിയ പദ്ധതികളിലൂടെ രാജ്യത്തിന്റെ മുഖഛായ തന്നെ മാറ്റുന്ന ശ്രദ്ധേയമായ നേട്ടങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് 75 ആഴ്ച നീണ്ടു നിൽക്കുന്ന അമൃത് മഹോത്സവം സംഘടിപ്പിച്ചിരിക്കുന്നത്. ഇതിനോടനുബന്ധിച്ച് അമൃത് മിഷൻ വഴി നടപ്പിലാക്കുന്ന ജൽ ശക്തി അഭിയാനിലൂടെ കേരളത്തിലെ മുഴുവൻ നഗര പ്രാദേശിക സ്ഥാപനങ്ങളിലും വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്.

അമൃത് പദ്ധതി പ്രവർത്തനങ്ങളും അതിനോടനുബന്ധിച്ചുള്ള പരിഷ്ക്കരണ നാഴികക്കല്ലുകളും ഏവർക്കും മാതൃകയാക്കാവുന്ന രീതിയിലാണ് കേരളം നടപ്പിലാക്കി വരുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനങ്ങൾ നടപ്പിലാക്കുമ്പോൾ കേന്ദ്രം നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതുണ്ട്. 15-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം കേന്ദ്രാവിഷ്കൃത പദ്ധതികളുടെ

പദ്ധതി വിഹിതം ചെലവഴിക്കുന്നത് പബ്ളിക് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (പി.എഫ്.എം.എസ്.) മുഖേനയായിരിക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ചെയ്യുന്നതിലൂടെ പദ്ധതി തുക നേരിട്ട് ഗുണഭോക്താക്കളിൽ എത്തിക്കുവാനും ധനവിനിയോഗത്തിന്റെ സുതാര്യതയും വേഗതയും നിർവ്വഹണ ഏജൻസിക്ക് ഉറപ്പാക്കുവാനും സാധിക്കും. ഇത്തരത്തിൽ കേരളത്തിലെ 9 അമൃത് നഗരങ്ങളിലും ഈ സംവിധാനം സമ്പൂർണ്ണമായും കാര്യക്ഷമമായും നടപ്പിലാക്കുവാൻ നമുക്ക് സാധിച്ചു. ഇന്ത്യയിൽ ആദ്യമായാണ് ഒരു സംസ്ഥാനം ഈ നേട്ടം കൈവരിക്കുന്നത്.

നമ്മുടെ സംസ്ഥാനത്തിന് അഭിമാനർഹമായ നേട്ടം കൈവരിക്കാൻ അക്ഷീണം പരിശ്രമിച്ച സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റിലെ എല്ലാ സഹപ്രവർത്തകരെയും അഭിനന്ദിക്കുന്നു. ഇതേ രീതിയിൽ ഒരു ടീമായി മുന്നേറാൻ സാധിച്ചാൽ അമൃതിലെ എല്ലാ പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കുവാൻ നമുക്ക് സാധിക്കും.

നാട് ഒന്നടങ്കം കോവിഡ് ഭീതിയിലാണ്ടിരിക്കുന്ന അവസരത്തിലാണ് ഓണവും വന്നെത്തുന്നത്. സത്യത്തിന്റെ, സമത്വത്തിന്റെ, സാഹോദര്യത്തിന്റെ, സമ്പൽസമൃദ്ധിയുടെ ഗൃഹാതുരത്വവും പേറി ഓണമെത്തുമ്പോൾ; വർത്തമാനകാല ക്ലേശങ്ങളുടെയും, കഠിനതകളുടെയും, കോവിഡിന്റെയും നാളുകൾ മാറി നല്ല നാളെകൾ ഉണ്ടാകട്ടെ എന്ന പ്രാർത്ഥനയോടെ ഏവർക്കും സന്തോഷവും സമൃദ്ധിയും നിറഞ്ഞ ഓണം ആശംസിക്കുന്നു.

മിഷൻ ഡയറക്ടർ



കൊച്ചി-കടവന്ത്ര മുതൽ കെ.വി സ്കൂൾ വരെയുള്ള നടപ്പാത



കൊച്ചി - നവീകരിച്ച പണ്ടാരച്ചാൽ കനാൽ

# അമൃത് വാർത്താ പത്രിക

ആഗസ്റ്റ് 2021





5 പി.എഫ്.എം.എസ് സ്റ്റേറ്റ് നോഡൽ അക്കൗണ്ട് നടപ്പിലാക്കൽ; കേരള ത്തിന് ഒന്നാം സ്ഥാനം

7 പൗണ്ട്കടവ് പാർക്ക് വികസനം നിർമാണം പുരോഗമിക്കുന്നു

8 കണ്ണൂരിൽ 2 മൾട്ടി ലെവൽ കാർ പാർക്കിംഗ്

9 വസൂരിച്ചിറയിൽ 100 എം.എൽ.ഡി. ജലശുദ്ധീകരണ ശാല

10 പണ്ടാരച്ചാൽ നവീകരണ പ്രവൃത്തികൾ പൂർത്തിയായി

11 എറവത്തുകുന്ന് വി.കെ. കൃഷ്ണമേനോൻ പാർക്ക് വികസിപ്പിച്ചു





12 തൃശ്ശൂർ -ഗുരുവായൂർ നഗരസഭകളിലെ വിവിധ പദ്ധതി പ്രവർത്തനങ്ങൾ

13 പാലക്കാട് - ആലപ്പുഴ നഗരസഭകളിലെ വിവിധ പദ്ധതി പ്രവർത്തനങ്ങൾ

14 ടു ലിപ് - അനുഭവ കുറിപ്പുകൾ



കൊല്ലം - വസൂരിച്ചിറ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സൈറ്റ്




തിരുവനന്തപുരം - പൗണ്ട് കടവ് പാർക്ക്




പാലക്കാട് - പട്ടിക്കര ക്ലോക്ക് റൂം



# പി.എഫ്.എം.എസ് സ്റ്റേറ്റ് നോഡൽ അക്കൗണ്ട് നടപ്പിലാക്കൽ; കേരളത്തിന് ഒന്നാം സ്ഥാനം

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പുതുക്കിയ രീതിയിലുള്ള ധനവിനിയോഗവും മേൽനോട്ടവും പൂർണ്ണമായും പബ്ളിക് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം, സ്റ്റേറ്റ് നോഡൽ അക്കൗണ്ട് (പി.എഫ്.എം.എസ്., എസ്.എൻ.എ.) മുഖേന ചെലവഴിക്കുന്ന രാജ്യത്തെ ആദ്യത്തെ സംസ്ഥാനമെന്ന ബഹുമതി കേരളം കരസ്ഥമാക്കി. ഇത് സംബന്ധിച്ച അറിയിപ്പ് സംസ്ഥാനത്തിന് ലഭിച്ചു. അമൃത് പദ്ധതി വഴിയാണ് ഈ നേട്ടം സംസ്ഥാനം കൈവരിച്ചത്.

15–ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പദ്ധതി വിഹിതം ചെലവഴിക്കുന്നത് പബ്ളിക് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (പി.എഫ്.എം.എസ്.) മുഖേനയായിരിക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരുന്നു. 2 കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പണമിടപാടുകളുടെ തൽസ്ഥിതി വിവരങ്ങൾ, ചിലവുകളുടെ ക്രോഡീകരിച്ച വിവരങ്ങൾ, വിവിധ തലങ്ങളിലുള്ള പദ്ധതി നിർവ്വഹണ ഏജൻസികളുടെ ധനവിനിയോഗ വിവരങ്ങൾ, ഗുണഭോക്താക്കൾക്ക് നേരിട്ട് പണം കൈമാറുന്നതിനുള്ള സൗകര്യങ്ങൾ എന്നീ സേവനങ്ങൾ പ്രദാനം ചെയ്യുന്ന വെബ് അധിഷ്ഠിത പോർട്ടലാണ് പി.എഫ്.എം.എസ്. സംവിധാനം. കേന്ദ്ര ധനമന്ത്രാലയത്തിന്റെ കീഴിലെ കൺട്രോളർ ജനറൽ ഓഫ് അക്കൗണ്ട്സിന്റെ കീഴിലാണ് പി.എഫ്.എം.എസ്. പ്രവർത്തിക്കുന്നത്.

കേന്ദ്ര സർക്കാരിന്റെ നിർദ്ദേശാനുസരണം 9 അമൃത് നഗരങ്ങളിലും അമൃത് പദ്ധതി ചെലവുകൾ പൂർണ്ണമായും പി.എഫ്.എം.എസ്. വഴിയാണ് നടത്തിയത്. അമൃത് പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്ന സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റ് വഴിയാണ് ഈ നേട്ടം സംസ്ഥാനം കൈവരിച്ചത്. അമൃത് മിഷൻ ഡയക്ടർ ഡോ. രേണു രാജ് ഐ.എ.എസ്. പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.


**"വിവിധ തലങ്ങളിലുള്ള പദ്ധതി നിർവ്വഹണ ഏജൻസികളുടെ ധനവിനിയോഗ വിവരങ്ങൾ, ഗുണഭോക്താക്കൾക്ക് നേരിട്ട് പണം കൈമാറുന്നതിനുള്ള സൗകര്യങ്ങൾ എന്നീ സേവനങ്ങൾ പ്രദാനം ചെയ്യുന്ന വെബ് അധിഷ്ഠിത പോർട്ടലാണ് പി.എഫ്.എം.എസ്. സംവിധാനം. കേന്ദ്ര ധനമന്ത്രാലയത്തിന്റെ കീഴിലെ കൺട്രോളർ ജനറൽ ഓഫ് അക്കൗണ്ട്സിന്റെ കീഴിലാണ് പി.എഫ്. എം.എസ്. പ്രവർത്തിക്കുന്നത്.**



അമൃത് മിഷൻ കൈവരിച്ച നേട്ടത്തിൽ ചീഫ് സെക്രട്ടറി ശ്രീ. വി.പി. ജോയി മിഷൻ ഡയക്ടർ ഡോ. രേണു രാജ് ഐ.എ.എസ്., ഡെപ്യൂട്ടി മിഷൻ ഡയറക്ടർ ശ്രീ. എ.എൽ. ചാൾസ് എന്നിവരുമായി സന്തോഷം പങ്കുവെയ്ക്കുന്നു.




ANAGEMENT UNIT


PFMS SNA System
First implementing
Agency in India.


NAGEMENT UNIT


Atal Mission for Rejuvenation and Urban Transformation
Government of Kerala
STATE MISSION MANAGEMENT UNIT

## തിരുവനന്തപുരം

# പൗണ്ട്കടവ് പാർക്ക് വികസനം നിർമാണം പുരോഗമിക്കുന്നു





തിരുവനന്തപുരം കോർപ്പറേഷൻ അമൃത് പദ്ധതിയിൽ ഉളപ്പെടുത്തി പൗണ്ട്കടവ് വാർഡും പള്ളിത്തുറ വാർഡും ചേർന്ന് കിടക്കുന്ന പ്രദേശത്ത് പാർക്കിന്റെ നിർമാണപ്രവർത്തനങ്ങൾ വിജയകരമായി പൂർത്തീകരിച്ചു വരികയാണ്. പാർവ്വതീപുത്തനാറിന്റെ തീരത്ത് സ്ഥിതിചെയ്യുന്ന ഈ പാർക്കിന്റെ ഡിസൈൻ തയ്യാറാക്കിയിരിക്കുന്നത് എം.എസ്. റീസൈക്കിൾ ബിൻ എന്ന സ്ഥാപനവും നിർമാണചുമതല ഏറ്റെടുത്തിരിക്കുന്നത് എം.എസ്. ബാങ്കേഴ്സ് എന്ന സ്ഥാപനവും ആണ്. 5.55 കോടി രൂപയാണ് ഭരണാനുമതി തുക.

നഗരമധ്യത്തിൽ സ്ഥിതി ചെയ്യുന്ന ജലാശയങ്ങൾ പലതും ഉപേക്ഷിക്കപ്പെട്ട നിലയിലും മാലിന്യ നിക്ഷേപ കേന്ദ്രങ്ങളുമായാണ് കണ്ടുവരുന്നത്. ജലാശയങ്ങൾ സംരക്ഷിക്കുവാനും പുനരുജ്ജീവിപ്പിക്കാനും വിവിധ പദ്ധതികൾ നടപ്പിലാക്കിയുട്ടുണ്ടെങ്കിലും നദീതട പ്രദേശത്തിൽ പരിസ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്ന പ്രവർത്തനങ്ങൾകൊണ്ട് സംരക്ഷിക്കപ്പെട്ട ജലാശയങ്ങൾ ക്രമേണ പഴയ അവസ്ഥയിലാകുന്നു.ഈ പ്രക്രീയ തുടരാൻ അനുവദിക്കാതെ നദീതട പ്രദേശങ്ങളിൽ വിശദമായ പഠനം നടത്തി അനുയോജ്യമായ സംരക്ഷണവും പരിസ്ഥിതി ശിഥിലമാകാത്ത നിർമാണപ്രവർത്തനങ്ങളുമാണ് നമുക്ക് വേണ്ടത് . ഇത്തരത്തിൽ വിശദമായ പഠനങ്ങൾ നടത്തിയാണ് പാർവ്വതീ പുത്തനാറിനോട് ചേർന്ന തീരത്ത് പാർക്ക് നിർമാണം നടത്തിവരുന്നത്.

പൗണ്ട്കടവ് മുതൽ സ്റ്റേഷൻ കടവ് വരെ പാർവ്വതീ പുത്തനാറിനോട് ചേർന്ന് കിടക്കുന്ന കരഭൂമിയിൽ നിലവിലെ ജൈവവൈവിധ്യം നിലനിർത്തി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കലാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. ഇത് കൂടാതെ ന്യൂട്രീഷ്യൻ പാർക്ക്, ഹെർബേറിയം, റെയ്ൻ ഗാർഡൻ, ചിത്രശലഭ പാർക്ക്, ബയോസ്വൽ എന്നീ ഘടകങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട് 1.4 മീറ്റർ വീതിയിൽ 1 കി.മീ. ദൈർഘ്യത്തിൽ സൈക്കിൾ ട്രാക്ക് നിർമിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങളായ ടോയ്ലെറ്റ്, അഗ്രോ പവിലിയൻ,  ചിൽഡ്രൻസ് പാർക്ക് എന്നിവയും വിഭാവനം ചെയ്തിട്ടുണ്ട്.

**“ പൗണ്ട്കടവ് മുതൽ സ്റ്റേഷൻ കടവ് വരെ പാർവ്വതീ പുത്തനാറിനോട് ചേർന്ന് കിടക്കുന്ന കരഭൂമിയിൽ നിലവിലെ ജൈവവൈവിധ്യം നിലനിർത്തി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കലാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. ഇത് കൂടാതെ ന്യൂട്രീഷ്യൻ പാർക്ക്, ഹെർബേറിയം, റെയ്ൻ ഗാർഡൻ, ചിത്രശലഭ പാർക്ക്, ബയോസ്വൽ എന്നീ ഘടകങ്ങളും ഉൾപ്പെടു**



പ്രോജക്ട് മാനേജർ - റാണി ജി.
എക്സിക്യൂട്ടീവ് എഞ്ചിനീയർ
തിരുവനന്തപുരം കോർപ്പറേഷൻ
പൂർത്തീകരണ തീയതി : 19.09.2021




# കണ്ണൂരിൽ 2 മൾട്ടി ലെവൽ കാർ പാർക്കിംഗ് സംവിധാനത്തിന്റെ നിർമാണം പുരോഗമിക്കുന്നു

ദ്രുതഗതിയിൽ നഗരവത്ക്കരണത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന നഗരമാണ് കണ്ണൂർ. വിമാനത്താവളത്തിന്റെ വരവോടെ അന്തർ ദേശീയതലത്തിൽ തന്നെ ശ്രദ്ധാകേന്ദ്രമാവുകയാണ് ഇവിടം. ഒരു പരമ്പരാഗത നഗരത്തിന്റെ എല്ലാ പരിമിതികളും വികസന കാര്യത്തിൽ കണ്ണൂരിനുണ്ട്. നഗരം വളരുന്നതിന്റെ ഭാഗമായുണ്ടാകുന്ന വർദ്ധിതമായ ഗതാഗതം നേരിടുവാൻ നഗരത്തെ പര്യാപ്തമാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് അമൃത് മിഷനിൽ അർബൻ ട്രാൻസ്പോർട്ട് സെക്ടറിൽ (നോൺ ട്രാൻസ്പോർട്ട്) പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നത്. വർത്തമാനകാല നഗരം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം വാഹനങ്ങളുടെ പാർക്കിംഗ് തന്നെയാണ്. വർദ്ധിച്ചു വരുന്ന വാഹനങ്ങളുടെ ബാഹുല്യവും റോഡുകളുടെ വീതിക്കുറവും പാർക്കിംഗിന് വെല്ലുവിളിയാണ്.



കണ്ണൂർ കോർപ്പറേഷന്റെ പാർക്കിംഗ് പ്രശ്നങ്ങൾ പരിഹരിക്കാൻ അമൃത് പദ്ധതിയിൽ 9.96 കോടി രൂപയുടെ മൾട്ടിലെവൽ കാർ പാർക്കിംഗ് സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. സ്റ്റേഡിയം റോഡിന് സമീപത്തുള്ള കാർപാർക്കിംഗിന്റെ ഫൗണ്ടേഷൻ ജോലികൾ പൂർത്തിയായിട്ടുണ്ട്. 4 സ്ട്രക്ചറുകളിലായി 124 കാറുകൾ പാർക്ക് ചെയ്യുന്നതിന് സൗകര്യമുണ്ടാകും. അതുപോലെ തന്നെ ബാങ്ക് റോഡിൽ 31 കാറുകൾ പാർക്കുചെയ്യാൻ സാധിക്കുന്ന തരത്തിലുള്ള സംവിധാനമാണ് ഒരുക്കുന്നത്. ഈ പ്രവൃത്തിയുടെ സിവിൽ വർക്കുകൾ ആരംഭിച്ചിട്ടുണ്ട്. പസ്സിൽ പാർക്കിംഗ് (puzzle parking) സംവിധാനമാണ് ഇവിടങ്ങളിൽ ഒരുക്കുന്നത്. പദ്ധതി പൂർത്തിയാകുന്നതോടെ കണ്ണൂർ നഗരത്തിലെ പാർക്കിംഗ് പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരമാകും 2022 മാർച്ചിനകം പ്രവൃത്തി പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് തുറന്ന് കൊടുക്കാൻ സാധിക്കും.



മൾട്ടി ലെവൽ കാർപാർക്കിംഗിനായി ഫൗണ്ടേഷൻ ജോലികൾ പുരോഗമിക്കുന്നു

പ്രോജക്ട് മാനേജർ - ബീന എ.
സൂപ്രണ്ടിംഗ് എഞ്ചിനീയർ
കണ്ണൂർ കോർപ്പറേഷൻ
പൂർത്തീകരണ തീയതി : 31.03.2022



## കൊല്ലം

# വസൂരിച്ചിറയിൽ 100 എം.എൽ.ഡി. ജലശുദ്ധീകരണ ശാലയുടെ നിർമാണം പുരോഗമിക്കുന്നു

കൊല്ലം നഗരത്തിലെ സമഗ്ര കുടിവെള്ള വിതരണ പദ്ധതിയ്ക്കായി 327 കോടി രൂപയുടെ പദ്ധതികളാണ് തയ്യാറാക്കിയിരിക്കുന്നത്. കേരള വാട്ടർ അതോറിറ്റിയാണ് പദ്ധതി നടപ്പിലാക്കുന്നത്. ശാസ്താംകോട്ട കായലിൽ നിന്നാണ് വിതരണത്തിനായി ജലം ശേഖരിക്കുന്നത്. എന്നാൽ തടാകത്തിലെ ജലനിരപ്പ് ഗണ്യമായി കുറഞ്ഞ് വരുന്നു. അതിനാൽ വർദ്ധിച്ചു വരുന്ന ജല ഉപഭോഗം കണക്കിലെടുത്ത് 2050 വരെ വന്നേക്കാവുന്ന വർദ്ധിത ഉപഭോഗത്തിനനുസരണമായി ജലം കല്ലടയാറ്റിലെ ഞാൺകടവിൽ നിന്ന് ശേഖരിക്കുവാൻ കോർപ്പറേഷൻ തീരുമാനിച്ചു. ഈ പദ്ധതിയുടെ ഭാഗികമായ ഫണ്ടിംഗാണ് അമൃത് നിർവ്വഹിക്കുന്നത്. കൊല്ലം ജില്ലയിലെ സമഗ്ര കുടിവെള്ള പദ്ധതിയ്ക്കായി 100.08 കോടി രൂപയാണ് അമൃത് ചെലവഴിക്കുന്നത്. ഇതിന്റെ ഭാഗമായി വസൂരിച്ചിറയിൽ നിർമിക്കുന്ന ജലശുദ്ധീകരണശാലയുടെ നിർമാണത്തിന് 57.12 കോടി രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിരിക്കുന്നത്.


2018 ഡിസംബറിൽ നിർമാണ പ്രവർത്തനങ്ങൾക്ക് കരാർ ഒപ്പുവച്ചെങ്കിലും സാങ്കേതിക പ്രശ്നങ്ങൾ കാരണം 2020 സെപ്റ്റംബറിലാണ് പണി ആരംഭിച്ചത്. നാളിതുവരെ 40% നിർമാണ പ്രവൃത്തികൾ പൂർത്തീകരിച്ചുകഴിഞ്ഞു. 2022 മാർച്ച് മാസത്തോടെ ഈ പദ്ധതി പൂർണമായും പൂർത്തികരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.



ജലശുദ്ധീകരണ ശാലയുടെ ഭാഗമായി ഏരിയേറ്റർ, 3 ക്ലാരിഫയേഴ്സ്, ഫിൽറ്റർ ഹൗസ്, കെമിക്കൽ ഹൗസ്, പമ്പ് ഹൗസ്, ക്ലോറിൻ റൂം, അഡ്മിനിസ്ട്രേറ്റീവ് ആന്റ് ലാബ് ബിൽഡിംഗ്, അനുബന്ധ യന്ത്രഭാഗങ്ങൾ മുതലായവയാണ് സജ്ജീകരിച്ചിരിക്കുന്നത്. എല്ലാ ഘടകങ്ങളുടെയും നിർമാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.



പ്രോജക്ട് മാനേജർ - സബീർ എ റഹിം
എക്സിക്യൂട്ടീവ് എഞ്ചിനീയർ
പ്രോജക്ട് ഡിവിഷൻ, കേരള വാട്ടർ അതോറിറ്റി
പൂർത്തീകരണ തീയതി : 31.03.2022




# പണ്ടാരച്ചാൽ കനാൽ നവീകരണ പ്രവൃത്തികൾ പൂർത്തിയായി

ത്വരിതഗതിയിലാണ് ഇന്ത്യയിൽ നഗരങ്ങളുടെ വളർച്ച. വലുതും ചെറുതുമായ പട്ടണങ്ങളൊക്കെ തന്നെ മഴവെള്ളക്കെട്ടിന്റെ ദൂഷ്യഫലങ്ങൾ അനുഭവിക്കുന്നുണ്ട്. ആസൂത്രണമില്ലാത്ത നഗരവത്ക്കരണവും മഴവെള്ളത്തിന് ഒഴുകിപ്പോകാൻ കഴിയുന്ന ബഹിർഗമനങ്ങളില്ലാത്തതും നിലവിലുള്ള സ്വാഭാവിക ജല പാതകളുടെ അനധികൃതമായ കൈയ്യേറ്റവും നഗരത്തിലെ വെള്ളക്കെട്ടിന്റെ രൂക്ഷത വർദ്ധിപ്പിക്കുന്നു. വികസനമുന്നേറ്റത്തിൽ സ്വാഭാവിക ജല ബഹിർഗമന മാർഗ്ഗങ്ങളായ തോടുകളുടെയും കുളങ്ങളുടെയും സംരക്ഷണം അവഗണിക്കപ്പെടുന്നു. ഇത് കാരണം ആരോഗ്യ സാമ്പത്തിക മേഖലയിൽ വൻ പ്രതിസന്ധിയാണ് നേരിടുന്നത്. അതുകൊണ്ടു തന്നെ നഗരത്തെ വെള്ളക്കെട്ടിൽ നിന്നും രക്ഷപ്പെടുത്തുന്നതിന് മികച്ചൊരു സ്റ്റോം വാട്ടർ ഡ്രെയിനേജ് സിസ്റ്റം രൂപപ്പെടുത്തിയെടുക്കേണ്ടതുണ്ട്.

ഇതിന്റെ ഭാഗമായി കൊച്ചി നഗരസഭയിലെ കനാലുകൾ നവീകരിക്കുന്നതിനുള്ള പദ്ധതികൾ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി. പലയിടത്തും ഒഴുക്ക് നിലച്ചും മാലിന്യവും ചെളിയും നിറഞ്ഞ പണ്ടാരച്ചാൽ കനാൽ അമൃത് പദ്ധതിയിലുൾപ്പെടുത്തി നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചു. 3 കോടി രൂപയാണ് പദ്ധതിയുടെ ഭരണാനുമതി തുക.


പദ്ധതിയുടെ ഭാഗമായി 2.315 മീറ്റർ വീതിയിൽ ചിറക്കൽ പാലം മുതൽ സാന്തോം ചർച്ച് വരെയുള്ള ഭാഗം ശരാശരി 0.5 മീറ്റർ ആഴത്തിൽ ചെളി നീക്കം ചെയ്തു. കനാലിൽ അടിഞ്ഞുകൂടി കിടക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്തതു മൂലം കനാലിന്റെ ഒഴുക്ക് സുഗമമാകുകയും ആ പ്രദേശത്തെ വെള്ളക്കെട്ട് ഒഴിവാകുകയും ചെയ്തു. ഈ പ്രവൃത്തിയിലൂടെ 4200 ക്യൂബിക് മീറ്റർ ചെളിയാണ് കനാലിൽ നിന്ന് നീക്കം ചെയ്തത്. കൂടാതെ പൊളിഞ്ഞു കിടന്നിരുന്ന കനാലിന്റെ സംരക്ഷണ ഭിത്തി പുനർ നിർമ്മിക്കുകയും ചെയ്തു.

കനാലിനോട് ചേർന്ന് കിടക്കുന്ന പ്രദേശത്തെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് ഈ പ്രദേശത്തെ 800 മീറ്റർ ചെറിയ കാനകളും 300 മീറ്റർ ഇടത്തോടുകളും വൃത്തിയാക്കുകയും സംരക്ഷണ ഭിത്തി നിർമാണം പൂർത്തീകരിക്കുകയും ചെയ്തു. കനാലിന് കുറുകെ നിർമ്മിച്ചിരുന്ന രണ്ട് ചെറിയ കൾവെർട്ട് കോൺക്രീറ്റ് ഉപയോഗിച്ച് പുനർ നിർമ്മാണം നടത്തി. കനാൽ നവീകരണത്തിലൂടെ ഈ പ്രദേശത്ത് മഴക്കാലത്ത് രൂപം കൊള്ളുന്ന വെള്ളക്കെട്ടിന് ഒരു പരിഹാരമാകും.



**പദ്ധതിയുടെ ഭാഗമായി 2.315 മീറ്റർ വീതിയിൽ ചിറക്കൽ പാലം മുതൽ സാന്തോം ചർച്ച് വരെയുള്ള ഭാഗം ശരാശരി 0.5 മീറ്റർ ആഴത്തിൽ ചെളി നീക്കം ചെയ്തു. കനാലിൽ അടിഞ്ഞുകൂടി കിടക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്തതു മൂലം കനാലിന്റെ ഒഴുക്ക് സുഗമമാകുകയും ആ പ്രദേശത്തെ വെള്ളക്കെട്ട് ഒഴിവാകുകയും ചെയ്തു. ഈ പ്രവൃത്തിയിലൂടെ 4200 ക്യൂബിക് മീറ്റർ ചെളിയാണ് കനാലിൽ നിന്ന് നീക്കം ചെയ്തത്.**





# എറവത്തുകുന്ന് വി.കെ. കൃഷ്ണമേനോൻ പാർക്ക് വികസിപ്പിച്ചു



കോഴിക്കോട് കോർപ്പറേഷനിലെ എറവത്തുകുന്ന് കെ.പി. കൃഷ്ണമേനോൻ പാർക്ക് വികസിപ്പിച്ചു. 3642 ചതുരശ്ര മീറ്റർ തുറസ്സായ സ്ഥലമാണ് ഈ പദ്ധതിയിലൂടെ വികസിപ്പിച്ചത്. തദ്ദേശീയരായ വിനോദസഞ്ചാരികളുടെ ഇഷ്ട പ്രദേശമായ എറവത്തുകുന്നിൽ അടിസ്ഥാന ഭൗതീകസൗകര്യങ്ങൾ ഒരുക്കി കൂടുതൽ ആകർഷകമാക്കി. അതോടൊപ്പം സമീപ വാസികളുടെ ആവശ്യങ്ങളനുസരിച്ചുള്ള നിർമാണങ്ങളും നടത്തിയാണ് പാർക്കിനെ വികസിപ്പിച്ചത്.

എറവത്ത് കുന്നിന്റെ സ്വാഭാവികമായ മനോഹാരിതയും ഭൂമിയുടെ സ്ഥിതിയും പരിപാലിച്ചുകൊണ്ടുള്ള നിർമാണ പ്രവർത്തനങ്ങളാണ് പാർക്കിൽ നടത്തിയത്. അതിനാൽ പരിസ്ഥിതി സൗഹാർദ്ദമായ അന്തരീക്ഷം പാർക്കിലെ വികസനത്തിന് ശേഷവും അവിടെ നിലനിർത്താൻ സാധിച്ചു. പാർക്കിൽ വാച്ച് ടവർ, പവിലിയനുകൾ, ടോയ്‌ലെറ്റ്, സെക്യൂരിറ്റി കാബിൻ, ടിക്കറ്റ് കൗണ്ടർ, റിഫ്രെഷ്മെന്റ് കിയോസ്ക്, കളിയുപകരണങ്ങൾ, സോളാർ ലൈറ്റുകൾ, ബൈനോക്കുലറുകൾ മുതലായവ സ്ഥാപിച്ചു. കോഴിക്കോട് നഗരത്തിന്റെ വിശദമായ ആകാശക്കാഴ്ച എറവത്തുകുന്നിൽ നിന്ന് സാധ്യമാണ്. ആ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുവാനുതകുന്ന രീതിയിലുള്ള നിർമാണ പ്രവർത്തനങ്ങളാണ് പാർക്കിൽ നടത്തിയത്. പാർക്കിന്റെ വികസനം സാധ്യമായതോടെ സമീപപ്രദേശങ്ങളിലെ കുട്ടികൾക്ക് കളിക്കുവാനും വിനോദങ്ങളിൽ ഏർപ്പെടുവാനും സാധിക്കും. കൂടാതെ കോഴിക്കോട് നഗരത്തിന്റെ പ്രാന്തപ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് ഇളംകാറ്റിന്റെ കുളിർമയിൽ നഗരത്തിന്റെ സൗന്ദര്യം ആസ്വദിക്കുവാനും കഴിയും. നിർമാണ പ്രവർത്തനങ്ങൾ പൂർത്തിയായതോടെ പാർക്ക് പൊതുജനങ്ങൾക്കായി തുറന്ന് കൊടുത്തു. സമീപപ്രദേശങ്ങളിൽ വസിക്കുന്നവർക്ക് ഈ പാർക്ക് പ്രയോജനകരമായിരിക്കും.

1.31 കോടി രൂപ ചെലവിലാണ് പാർക്കിന്റെ നിർമാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചത്. 3500 തൊഴിൽ ദിനങ്ങൾ ഈ പദ്ധതി നടപ്പിലാക്കുന്നത് വഴി സൃഷ്ടിക്കപ്പെട്ടു.

> **വാച്ച് ടവർ, പവിലിയനുകൾ, ടോയ്‌ലെറ്റ്, സെക്യൂരിറ്റി കാബിൻ, ടിക്കറ്റ് കൗണ്ടർ, റിഫ്രെഷ്മെന്റ് കിയോസ്ക്, കളിയുപകരണങ്ങൾ, സോളാർ ലൈറ്റുകൾ, ബൈനോക്കുലറുകൾ മുതലായവ സ്ഥാപിച്ചു. കോഴിക്കോട് നഗരത്തിന്റെ വിശദമായ ആകാശക്കാഴ്ച എറവത്തുകുന്നിൽ നിന്ന് സാധ്യമാണ്.**



# ഗുരുവായൂർ - വിവിധ റോഡുകളിൽ ഫുട്പാത്ത് നിർമാണം പൂർത്തിയായി



വിവിധ രീതിയിലുള്ള യാത്രാസൗകര്യങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നത് കാൽനട വഴിയാണ്. കാൽനടയ്ക്ക് ആവശ്യമായ നടപ്പാതകൾ, മേൽപ്പാലങ്ങൾ തുടങ്ങിയവ ശാസ്ത്രീയമായി നിർമ്മിക്കാത്തതിനാൽ അർബൻ ട്രാൻസ്പോർട്ട് (നോൺ ട്രാൻസ്പോർട്ട്) മേഖലയിൽ കാര്യമായ പുരോഗതി നമുക്ക് കൈവരിയ്ക്കാൻ സാധിച്ചിട്ടില്ല. ഈ പോരായ്മ നികത്തുന്നതിനായി അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിലെ അമൃത് നഗരങ്ങളിൽ നടപ്പാതകൾ, മേൽ നടപ്പാത, അടിപ്പാത, സൈക്കിൾ ട്രാക് തുടങ്ങിയവയുടെ നിർമാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

ഗുരുവായൂർ നഗരസഭയിൽ ഗുരുവായൂർ ക്ഷേത്രത്തിന് ചുറ്റുമുള്ള ഇന്നർ സൈഡിൽ 2.3 മീറ്റർ ശരാശരി വീതിയിൽ ഗ്രാനൈറ്റ് വിരിച്ച് സ്റ്റെയിൻലസ് സ്റ്റീൽ ഹാന്റ് റെയിലും ഇലക്ട്രിക് പോളുമടങ്ങിയ ഫുട്പാത്തും മഞ്ജുളാൽ കിഴക്കേ നട, ഔട്ടർ റിംഗ് റോഡ് ഇന്നർ സൈഡ്, ഔട്ടർ റിംഗ് റോഡ് ഔട്ടർ സൈഡ്, ബസ്റ്റാന്റ് റോഡ് (പെരുമാൾ തോട് റോഡ്), പോലീസ് സ്റ്റേഷൻ റോഡ്, സമൂഹം റോഡ്, മാഞ്ചിറ ഔട്ടർ റിംഗ് റോഡ് മുതൽ മമ്മിയൂർ ജംഗ്ഷൻ, മമ്മിയൂർ ജംഗ്ഷൻ മുതൽ ആനക്കോട്ട, ആനക്കോട്ട വടക്കേപടി, ചാമുണ്ഡേശ്വരി കണക്ഷൻ റോഡ് എന്നീ റോഡുകളിൽ 1.6 മീറ്റർ ശരാശരി വീതിയിലുമാണ് ഫുട്പാത്ത് നിർമിച്ചത്. 10 കി.മീ. പ്രവൃത്തി പൂർത്തീകരിച്ചു കഴിഞ്ഞു.



# തൃശ്ശൂർ - പദ്ധതി പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു




തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷനിൽ വിതരണ ശൃംഖലയുടെ ശാക്തീകരണം (ഒന്നാം ഘട്ടവും രണ്ടാം ഘട്ടവും) സോണിംഗ് ആന്റ് മാപ്പിംഗ്, കേടായ വാട്ടർ മീറ്ററുകൾക്ക് പകരം പുതിയ മീറ്റർ സ്ഥാപിക്കുന്ന പ്രവൃത്തി, പുതിയ വാട്ടർ കണക്ഷനുകൾ നൽകുന്ന പ്രവൃത്തി, ഫ്ളോട്ടിംഗ് ഇൻടേക്, 20 ലക്ഷം കപ്പാസിറ്റിയുള്ള ഉന്നതതല ജലസംഭരണിയും വിതരണ ശൃംഖലയും സ്ഥാപിക്കുന്ന പ്രവൃത്തി, സ്കൈ വാക്, വിയ്യൂർ നിർമിക്കുന്ന സ്റ്റോം വാട്ടർ ഡ്രെയിൻ എന്നീ പ്രവൃത്തികൾ നടന്നു വരുന്നു.

സോണിംഗ് ആന്റ് മാപ്പിംഗ് - ഒന്നാം ഘട്ടം, നെഹ്റു പാർക്കിന്റെ പുനരുദ്ധാരണം - മൂന്നാം ഘട്ടം, അവന്യൂ റോഡിലെ നടപ്പാത നിർമാണം, ആനപ്പാറയിൽ 10 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഉന്നതതല ജലസംഭരണിയുടെ നിർമാണവും വിതരണ ശൃംഖലയും ഉൾപ്പെടുന്ന പ്രവൃത്തി (ഒന്നും രണ്ടും ഘട്ടങ്ങൾ) പൂർത്തീകരിച്ചു കഴിഞ്ഞു.



ഒല്ലൂർ 20 ലക്ഷം കപ്പാസിറ്റിയുള്ള ഉന്നതതല ജലസംഭരണിയുടെയും വിതരണ ശൃംഖലയുടെയും (ഭരണാനുമതി തുക - 11.4 കോടി രൂപ) ഉൾപ്പെടുന്ന പ്രവൃത്തിയും നിർമാണം പൂർത്തീകരിച്ച് ഉദ്ഘാടനത്തിന് സജ്ജമായി വരുന്നു. കോവിഡ് പ്രതിസന്ധി കാരണം ആരംഭിക്കാത്ത പ്രവൃത്തികൾ ഉടൻ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കരാറുകാരുടെയും പാരാസ്റ്റേറ്റൽ ഏജൻസിയുടെയും പ്രത്യേക യോഗങ്ങൾ കൂടി പദ്ധതികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ നടത്തി വരുന്നു.





## പാലക്കാട്

# പട്ടിക്കര ബൈപ്പാസ് ക്ലോക്ക് റൂം ഉദ്ഘാടനം ചെയ്തു

പാലക്കാട് നഗരസഭയിൽ പട്ടിക്കര ബൈപ്പാസിൽ അമൃത് അർബൻ ട്രാൻസ്പോർട്ട് സെക്ടറിൽ ഉൾപ്പെടുത്തിയാണ് ക്ലോക്ക് റൂം നിർമിച്ചത്. 2017-18 ലാണ് സർക്കാരിൽ നിന്ന് ഭരണാനുമതി ലഭിച്ചത്. 1200 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ 3,45,0000/- രൂപയുടെ എസ്റ്റിമേറ്റിലാണ് നിർമാണം ആരംഭിച്ചത്.

വളരെ തിരക്കേറിയ പാലക്കാട് വലിയങ്ങാടിയിൽ ചരക്കുമായി വരുന്ന വാഹനങ്ങളിലെ ഡ്രൈവർമാർക്ക് വിശ്രമിക്കാനായി ഡോർമിറ്ററി, ലോക്കർ, പൊതുജനങ്ങൾക്ക് പ്രാഥമികാവശ്യങ്ങൾ നിർവഹിക്കുന്നതിനായി ടോയ്‌ലെറ്റ് സൗകര്യങ്ങൾ എന്നിവ ക്ലോക്ക് റൂമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ക്ലോക്ക് റൂമിന്റെ നടത്തിപ്പിനും നഗരസഭയ്ക്ക് വരുമാനം ലഭിക്കുന്നതിനുമായി രണ്ട് കടമുറികൾ കൂടി ഈ നിർമിതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.



പദ്ധതിയുടെ ആകെ ചിലവ് 22,02,600/- രൂപയാണ്. ബഹു.നഗരസഭാ ചെയർപേഴ്സൺ ശ്രീമതി പ്രിയ അജയൻ 30.06.2021 ൽ ക്ലോക്ക് റൂമിന്റെ ഉദ്ഘാടനം നിർവഹിച്ചു.




പട്ടിക്കരയിൽ നിർമാണം പൂർത്തിയായ ക്ലോക്ക് റൂം



## ആലപ്പുഴ

# മേൽ നടപ്പാത നിർമാണം പൂർത്തീകരിച്ചു

ആലപ്പുഴ നഗരസഭ അമൃത് പദ്ധതിയിൽ നഗരഗതാഗതത്തിൽപ്പെടുത്തി നഗര ഹൃദയ ഭാഗത്ത് വാടക്കനാലിന് കുറുകെ 23 ലക്ഷം രൂപ മുതൽമുടക്കിൽ മുനിസിപ്പൽ ബസ്സ്റ്റാന്റിന് എതിർവശത്ത് മേൽനടപ്പാത നിർമാണം പൂർത്തീകരിച്ചു



നിർദ്ദിഷ്ട നടപ്പാലം മുനിസിപ്പൽ ബസ് സ്റ്റാന്റിൽ വന്നിറങ്ങുന്ന ജനങ്ങൾക്ക് സുരക്ഷിതമായി വാടക്കനാൽ ക്രോസ് ചെയ്ത് അക്കരെ എത്താൻ സഹായിക്കുന്നു. നഗരസഭയിലെ ചാത്തനാട്, ജില്ലാക്കോടതി, തോണ്ടൻകുളങ്ങര മുതലായ വാർഡുകളിലെ സ്ത്രീകളുൾപ്പടെയുള്ള ജനങ്ങൾക്ക് വളരെ പ്രയോജനപ്രദമാണ്. നടപ്പാലം പൂർത്തീകരിച്ചതോടെ വാടക്കനാലിന്റെ വടക്കേക്കരയുള്ള ജനങ്ങൾ നടത്തിവരുന്ന ചായക്കട, സ്പെയർപാർട്ട്സ് കട എന്നിവയിലേയ്ക്ക് ആവശ്യക്കാർക്ക് അനായാസം എത്തിച്ചേരാൻ സാധിക്കുന്നതിനാൽ ജനങ്ങളുടെ ഉപജീവന മാർഗ്ഗങ്ങൾ മെച്ചപ്പെടുന്നതിനും ജീവിത നിലവാരം ഉയരുന്നതിനും സാധിക്കും.



മുനിസിപ്പൽ ബസ്സ്റ്റാന്റിന് എതിർവശത്ത് നിർമാണം പൂർത്തിയായ മേൽനടപ്പാലം






**അശ്വിൻ എ.കെ.**

> **"ബി. കോം ബിരുദധാരിയായ എനിക്ക് അക്കാദമിക് തലത്തിലെ അറിവ് മാത്രമാണ് ഉണ്ടായിരുന്നത്. വിഷയത്തിലെ പ്രായോഗിക പരിജ്ഞാനമാണ് ഈ ഇന്റേൺഷിപ്പിലൂടെ എനിക്ക് ലഭിച്ചത്. അനുദിനം പുതിയ കാര്യങ്ങൾ പഠിക്കുകയും അവ യഥാസമയം പ്രവൃത്തിയിലൂടെ മനസ്സിലാക്കാനുമുള്ള വലിയൊരവസരമാണിത്."**

സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റ്, അമൃത് മിഷനിൽ മുനിസിപ്പൽ ഫിനാൻസ് ഇന്റേണായി പ്രവർത്തിക്കുകയാണ് ഞാൻ. കേന്ദ്ര സർക്കാരിന്റെ ടുലിപ് പദ്ധതിയുടെ ഭാഗമായിട്ടാണ് ഇത്തരമൊരവസരം എനിക്ക് ലഭിച്ചത്.

ബി. കോം ബിരുദധാരിയായ എനിക്ക് അക്കാദമിക് തലത്തിലെ അറിവ് മാത്രമാണ് ഉണ്ടായിരുന്നത്. വിഷയത്തിലെ പ്രായോഗിക പരിജ്ഞാനമാണ് ഈ ഇന്റേൺഷിപ്പിലൂടെ എനിക്ക് ലഭിച്ചത്. പ്രവൃത്തിയിലൂടെ പഠനം എന്ന ആശയമാണ് ഈ പദ്ധതി മുന്നോട്ട് വയ്ക്കുന്നത്.അനുദിനം പുതിയ കാര്യങ്ങൾ പഠിക്കുകയും അവ യഥാസമയം പ്രവൃത്തിയിലൂടെ മനസ്സിലാക്കാനുമുള്ള വലിയൊരവസരമാണിത്.

രാജ്യത്ത് നഗരവത്ക്കരണം ത്വരിതഗതിയിലാണ് നടക്കുന്നത്. പ്രാദേശിക നഗര സർക്കാരുകളുടെ സാമ്പത്തികനില സുദൃഢമാക്കുക എന്ന വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ് മുനിസിപ്പൽ ഫിനാൻസിംഗ്. തികഞ്ഞ സാമ്പത്തിക അച്ചടക്കത്തോടു കൂടിയുള്ള ധനവിനിയോഗമാണ് മുനിസിപ്പൽ ഫിനാൻസിംഗിലൂടെ സാധ്യമാകുന്നത്. അനുദിനം വളർന്നുകൊണ്ടിരിക്കുന്നതും അനന്തമായ സാധ്യതകളുള്ളതുമായ ഈ മേഖലയിൽ വളരെ ആഴത്തിൽ പഠിക്കുന്നതിനും കാര്യങ്ങൾ ഹൃദിസ്ഥമാക്കുന്നതിനുമുള്ള അവസരമാണ് ഈ ഇന്റേൺഷിപ്പിലൂടെ എനിക്ക് ലഭിച്ചത്. മേലുദ്യോഗസ്ഥരുടെ സഹായവും നിർദ്ദേശവും അവരുടെ അനുഭവ സമ്പത്തും എനിക്ക് വഴികാട്ടിയാകുന്നു. അതിനാൽ ഏൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്വങ്ങൾ യഥാസമയം ചെയ്തു തീർക്കുവാൻ എനിക്ക് സാധിക്കുന്നു.

പ്രധാനമായും അമൃത് മിഷന് കീഴിലെ 9 നഗരസഭകളിലെയും ധനപരമായ വിഷയങ്ങളാണ് ഞാൻ കൈകാര്യം ചെയ്യുന്നത്. അതാത് നഗരസഭകളുടെ പദ്ധതി ചിലവ് കണക്കുകൾ, നഗരങ്ങളുടെ ആവശ്യകതയനുസരിച്ച് ഫണ്ടുകളുടെ കണക്കെടുപ്പ്, പി.എഫ്.എം.എസ്. സോഫ്റ്റ് വെയറിലൂടെ പദ്ധതിയുടെ വരവ് ചെലവ് കണക്കുകളുടെ ക്രോഡീകരണം എന്നിവയാണ് പ്രധാനമായും ഞാൻ ചെയ്യുന്ന പ്രവൃത്തികൾ.

ഇവ കൂടാതെ വ്യക്തിത്വ വികാസവും തൊഴിൽ വൈദഗ്ദ്ധ്യം നേടുന്നതിന് പര്യാപ്തമായ അവസരങ്ങളും എനിക്ക് ലഭിക്കുന്നുണ്ട്. അവതരണ പാടവം, കൃത്യനിഷ്ഠ, ഏകോപനം മുതലായ കാര്യങ്ങളിൽ എപ്രകാരം മുന്നേറാം എന്നും പ്രാവർത്തികമാക്കാം എന്നുമുള്ള അറിവുകളും എനിക്ക് ഈ ഇന്റേൺഷിപ്പിലൂടെ ലഭിക്കുന്നുണ്ട്.

---

കേന്ദ്ര സർക്കാരിന്റെ ടുലിപ് ഇന്റേൺഷിപ്പ് എന്റെ ജീവിതത്തിലെ ഏറ്റവും വലിയ വഴിത്തിരിവാണ്. ഒരു തുടക്കക്കാരി എന്ന നിലയിൽ മികച്ച ജോലിയും അവസരവും ലഭിക്കുന്നതിന് ധാരാളം പ്രതിസന്ധികൾ നേരിടേണ്ടി വന്നിട്ടുണ്ട്. ടുലിപ് ഇന്റേൺഷിപ്പിന് തെരെഞ്ഞെടുക്കപ്പെട്ടത് ജീവിതത്തിലെ ഏറ്റവും മികച്ച ഒരു ചുവടുവെയ്പായി കരുതുന്നു. കണ്ണൂർ കോർപ്പറേഷനിലെ അമൃത് പദ്ധതിയിൽ വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ ഇന്റേൺ എന്ന പോസ്റ്റിലേയ്ക്കാണ് എനിക്ക് സെലക്ഷൻ ലഭിച്ചത്. സിവിൽ എഞ്ചിനീയറിംഗ് അടിസ്ഥാന അറിവുണ്ടായിരുന്ന എനിക്ക് സർക്കാർ പ്രോജക്ടുകളുടെ നടപടിക്രമങ്ങളും നിർവ്വഹണ രീതിയും മനസ്സിലാക്കാൻ ഇതിലൂടെ സാധിച്ചു. സ്വിവറേജ് ആന്റ് സെപ്റ്റേജ് പദ്ധതികളെ കുറിച്ച് മനസ്സിലാക്കാനും എം.എസ് പ്രോജക്ട് സോഫ്റ്റ് വെയർ കൈകാര്യം ചെയ്യുവാനും സാധിച്ചു. അതിലുപരി എന്റെ ജന്മനാടായ കണ്ണൂരിന്റെ വികസനത്തിനായുള്ള പ്രോജക്ടിന്റെ ഭാഗമാകാൻ സാധിച്ചതിൽ ഞാൻ അഭിമാനിക്കുന്നു.



**റെൻസി ആർ.**

> **"സ്വിവറേജ് ആന്റ് സെപ്റ്റേജ് പദ്ധതികളെ കുറിച്ച് മനസ്സിലാക്കാനും എം.എസ് പ്രോജക്ട് സോഫ്റ്റ് വെയർ കൈകാര്യം ചെയ്യുവാനും സാധിച്ചു. അതിലുപരി എന്റെ ജന്മനാടായ കണ്ണൂരിന്റെ വികസനത്തിനായുള്ള പ്രോജക്ടിന്റെ ഭാഗമാകാൻ സാധിച്ചതിൽ ഞാൻ അഭിമാനിക്കുന്നു."**





ആലപ്പുഴ - തത്തംപള്ളി ഉന്നതതല ജലസംഭരണി



കൊല്ലം - ടി.കെ. ദിവാകരൻ പാർക്ക്


കോഴിക്കോട് - മാനാഞ്ചിറ പാർക്ക്


ആലപ്പുഴ - ജനറൽ ഹോസ്പിറ്റൽ പാർക്ക്

# അമൃത് പദ്ധതി സൂചിക (31.07.2021 പ്രകാരം)

## കേരളം
2357.69 കോടി രൂപയുടെ 1002 പദ്ധതികൾ
2266.78 കോടി രൂപയുടെ 1002 പദ്ധതികൾക്ക് ഭരണാനുമതി
2150.78 കോടി രൂപയുടെ 997 പദ്ധതികൾക്ക് സാങ്കേതികാനുമതി
2141.64 കോടി രൂപയുടെ 997 പദ്ധതികൾ ടെന്റർ ചെയ്തു
1975.89 കോടി രൂപയുടെ 977 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
715 പദ്ധതികൾ പൂർത്തീകരിച്ചു. 1168.29 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## തിരുവനന്തപുരം
357.50 കോടി രൂപയുടെ 270 പദ്ധതികൾ
360.12 കോടി രൂപയുടെ 270 പദ്ധതികൾക്ക് ഭരണാനുമതി
331.24 കോടി രൂപയുടെ 270 പദ്ധതികൾക്ക് സാങ്കേതികാനുമതി
331.24 കോടി രൂപയുടെ 270 പദ്ധതികൾ ടെന്റർ ചെയ്തു
317.04 കോടി രൂപയുടെ 263 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
225 പദ്ധതികൾ പൂർത്തീകരിച്ചു. 194.86 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## കൊല്ലം
253.45 കോടി രൂപയുടെ 58 പദ്ധതികൾ
206.69 കോടി രൂപയുടെ 58 പദ്ധതികൾക്ക് ഭരണാനുമതി
203.51 കോടി രൂപയുടെ 58 പദ്ധതികൾക്ക് സാങ്കേതികാനുമതി
203.51 കോടി രൂപയുടെ 58 പദ്ധതികൾ ടെന്റർ ചെയ്തു
177.12 കോടി രൂപയുടെ 55 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
34 പദ്ധതികൾ പൂർത്തീകരിച്ചു. 59.08 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## ആലപ്പുഴ
222.70 കോടി രൂപയുടെ 195 പദ്ധതികൾ
219.68 കോടി രൂപയുടെ 195 പദ്ധതികൾക്ക് ഭരണാനുമതി
214.62 കോടി രൂപയുടെ 192 പദ്ധതികൾക്ക് സാങ്കേതികാനുമതി
214.62 കോടി രൂപയുടെ 192 പദ്ധതികൾ ടെന്റർ ചെയ്തു
209.45 കോടി രൂപയുടെ 187 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
127 പദ്ധതികൾ പൂർത്തീകരിച്ചു. 150.72 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## കൊച്ചി
328.77 കോടി രൂപയുടെ 98 പദ്ധതികൾ
272.06 കോടി രൂപയുടെ 98 പദ്ധതികൾക്ക് ഭരണാനുമതി
264.46 കോടി രൂപയുടെ 98 പദ്ധതികൾക്ക് സാങ്കേതികാനുമതി
264.46 കോടി രൂപയുടെ 98 പദ്ധതികൾ ടെന്റർ ചെയ്തു
216.23 കോടി രൂപയുടെ 95 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
76 പദ്ധതികൾ പൂർത്തീകരിച്ചു. 130.60 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## തൃശ്ശൂർ
269.93 കോടി രൂപയുടെ 109 പദ്ധതികൾ
259.62 കോടി രൂപയുടെ 109 പദ്ധതികൾക്ക് ഭരണാനുമതി
238.05 കോടി രൂപയുടെ 108 പദ്ധതികൾക്ക് സാങ്കേതികാനുമതി
238.05 കോടി രൂപയുടെ 108 പദ്ധതികൾ ടെന്റർ ചെയ്തു
191.75 കോടി രൂപയുടെ 107 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
75 പദ്ധതികൾ പൂർത്തീകരിച്ചു. 128.52 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## ഗുരുവായൂർ
203.10 കോടി രൂപയുടെ 34 പദ്ധതികൾ
218.30 കോടി രൂപയുടെ 34 പദ്ധതികൾക്ക് ഭരണാനുമതി
213.71 കോടി രൂപയുടെ 33 പദ്ധതികൾക്ക് സാങ്കേതികാനുമതി
213.71 കോടി രൂപയുടെ 33 പദ്ധതികൾ ടെന്റർ ചെയ്തു
213.71 കോടി രൂപയുടെ 33 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
11 പദ്ധതികൾ പൂർത്തീകരിച്ചു. 132.41 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## പാലക്കാട്
221.76 കോടി രൂപയുടെ 150 പദ്ധതികൾ
220.02 കോടി രൂപയുടെ 150 പദ്ധതികൾക്ക് ഭരണാനുമതി
202.11 കോടി രൂപയുടെ 150 പദ്ധതികൾക്ക് സാങ്കേതികാനുമതി
198.32 കോടി രൂപയുടെ 150 പദ്ധതികൾ ടെന്റർ ചെയ്തു
174.66 കോടി രൂപയുടെ 149 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
101 പദ്ധതികൾ പൂർത്തീകരിച്ചു. 121.25 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## കോഴിക്കോട്
274.76 കോടി രൂപയുടെ 50 പദ്ധതികൾ
284.64 കോടി രൂപയുടെ 50 പദ്ധതികൾക്ക് ഭരണാനുമതി
283.95 കോടി രൂപയുടെ 50 പദ്ധതികൾക്ക് സാങ്കേതികാനുമതി
278.72 കോടി രൂപയുടെ 50 പദ്ധതികൾ ടെന്റർ ചെയ്തു
278.72 കോടി രൂപയുടെ 50 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
42 പദ്ധതികൾ പൂർത്തീകരിച്ചു. 113.95 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## കണ്ണൂർ
225.72 കോടി രൂപയുടെ 38 പദ്ധതികൾ
225.65 കോടി രൂപയുടെ 38 പദ്ധതികൾക്ക് ഭരണാനുമതി
199.14 കോടി രൂപയുടെ 38 പദ്ധതികൾക്ക് സാങ്കേതികാനുമതി
199.02 കോടി രൂപയുടെ 38 പദ്ധതികൾ ടെന്റർ ചെയ്തു
197.21 കോടി രൂപയുടെ 38 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
24 പദ്ധതികൾ പൂർത്തീകരിച്ചു. 136.91 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

अमृत
Atal Mission for Rejuvenation and Urban Transformation



# സ്വാതന്ത്ര്യദിന ആശംസകൾ

Printed and Published by State Mission Management Unit, AMRUT, Local Self Government Department, Government of Kerala, 4th Floor, Meenakshi Plaza, Artech Building, Opp. Govt. Hospital for Women & Children, Thycaud Thiruvananthapuram - 695014